# അക്കാദമിക
# മാസ്റ്റർ പ്ലാൻ
# 2025-26

കൊല്ലം ജില്ലയിൽ മുഖത്തല ബ്ലോക്കിൽപ്പെട്ട ഇളമ്പള്ളൂർ ഗ്രാമ പഞ്ചായത്തിലെ 8-ാം വാർഡിൽ സ്ഥിതിചെയ്യുന്ന എസ്. ആർ. വി. ഗവ. എൽ. പി. എസ്സ് എന്ന ഈ വിദ്യാലയം 1925 ൽ ആണ് സ്ഥാപിതമായത്. കല്ലറ തെങ്ങൂർ കുടുംബാംഗമായ പരേതനായ പത്മനാഭപിള്ള 1948 ൽ ഗവൺമെന്റിനു വിട്ടു കൊടുത്ത ശ്രീരാമ വിലാസം ലോവർ പ്രൈമറി സ്കൂൾ ഇപ്പോൾ എസ്. ആർ. വി. ഗവ. എൽ. പി സ്കൂൾ എന്നാണ് അറിയപ്പെടുന്നത്. 100-ൽ എത്തി നിൽക്കുന്ന ഈ സരസ്വതിക്ഷേത്രം സമൂഹത്തിന്റെ വിവിധ മേഖലകളിൽ സ്തുത്യർഹമായ സേവനം കാഴ്ച വച്ച ധാരാളം മഹത്‌വ്യക്തികൾക്ക് മാർഗദർശനം നൽകിയ പാരമ്പര്യം നമ്മുടെ സ്കൂളിന് അഭിമാനിക്കത്തക്കതാണ്. അതിൽ എടുത്തു പറയേണ്ട വ്യക്തിത്വത്തിനുടമയാണ്. ചന്ദ്രഗിരി വിജയരാഘവൻ ഡോക്ടർ.

# അവസ്ഥാവിശകലനം

പ്രീപ്രൈമറി ഉൾപ്പെടുന്ന S.R.V ഗവൺമെന്റ് എൽ. പി സ്കൂളിൽ 2024-25 അധ്യായവർഷം കുട്ടികൾ പഠനം പൂർത്തിയാക്കി. പ്രീപ്രൈമറിയിൽ ഒരു അധ്യാപികയും ഒരു ആയയും സേവനം അനുഷ്ഠിക്കുന്നു. എൽ. പി. വിഭാഗത്തിൽ ഹെഡ്മിസ്ട്രസ്, മൂന്ന് ടീച്ചേഴ്സ് എന്നിവർ വളരെ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു വരുന്നു.

വിശാലമായ നാല് ക്ലാസ്സ് മുറികളും ഓഫീസ് മുറിയും ഇപ്പോൾ ഈ സ്കൂളിനുണ്ട്. Child friendly black board, laptop എന്നിവ ചെയ്ത് ക്ലാസ്സ് റൂമുകൾ ആകർഷകമാക്കി. എല്ലാ ക്ലാസ് മുറികളിലും ആവശ്യാനുസരണം കസേരകൾ ക്രമീകരിച്ചിട്ടുണ്ട്. കുട്ടികളുടെ എണ്ണത്തിനാനുപാതിച്ച് ടോയ്ലറ്റ് നിലവിലുണ്ട്.

# ആമുഖം

എല്ലാവരെയും ഉൾക്കൊള്ളുന്നതും ഓരോ പഠിതാവിലുമുള്ള ശേഷികളെ തിരിച്ചറിയുന്നതും അവ പരിപോഷിപ്പിക്കുന്നതിലൂടെ സമഗ്രവികസനം ഉറപ്പുവരുത്തുന്നതുമാകണം വിദ്യാഭ്യാസം. ഇതിനായി സംവാദാത്മകവും വിദ്യാർഥികേന്ദ്രിതവും ഉദ്ഗ്രഥിതവുമായ പഠനരീതികളാണ് പിന്തുടരേണ്ടത്. കുട്ടികളുടെ സമഗ്രവികസനമാണ് ഓരോ രക്ഷിതാവും ലക്ഷ്യം വയ്ക്കുന്നത്. അനുദിനം മാറിക്കൊണ്ടിരിക്കുന്ന സമൂഹത്തിൽ ജീവിക്കാൻ ആവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ട് നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ആത്യന്തികലക്ഷ്യം. എഴുത്ത്, വായന എന്നീ അക്കാദമിക നേട്ടങ്ങൾ എന്നിവയോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാനുള്ള ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. ഈ സ്കൂളിന്റെ ഭൗതികവും അക്കാദമികവുമായ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് ഈ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയത് 2025-26 അക്കാദമിക വർഷത്തെ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയ ഈ മാർഗരേഖ അടുത്തവർഷം മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർപ്രവർത്തനസാധ്യതയുള്ളതുമായ വിവിധ പദ്ധതികളാണ് നിങ്ങളുടെ മുന്നിൽ അവതരിപ്പിക്കുന്നത്.

മലയാളം

| Sl.No. | വാർഷിക ലക്ഷ്യം | പ്രവർത്തനം - വിശകലനം | സമയം | പഠനസാമഗ്രി | ചുമതല |
|---|---|---|---|---|---|
| 1. | തെറ്റില്ലാതെ മലയാളം എഴുതുന്നതിനും വായിക്കുന്നതിനും സാധിക്കുക. | → വീട്ടുവായന - കൂട്ടുവായന<br>→ വായനാമൂലയിൽ നിന്നും പുസ്തകങ്ങൾ വീട്ടിലേക്ക്<br>അമ്മ/സഹോദരങ്ങൾ ചേർന്ന് വായന.<br>കൂട്ടുവായന - സഹപാഠികളുമായി വായനാവിശേഷം പങ്കുവയ്ക്കൽ | ജൂൺ | ചെറുകഥകൾ<br>വായനക്കാർഡുകൾ<br>ബാലസാഹിത്യ കൃതികൾ | PTA |
| 2. | സ്വന്തം ആശയങ്ങൾ സർഗ്ഗാത്മക രചനയിലൂടെ പ്രകടിപ്പിക്കുന്നതിന് പ്രാപ്തരാക്കുക. | വളരുന്ന വായനാ ചുമര്, തെളിയുന്ന സർഗാത്മകത, വായനാമൂല / ലൈബ്രറി വിപുലീകരിക്കൽ, ബാലകഥകൾ വിതരണം, കുട്ടിക്ക് പിറന്നാൾ സമ്മാനമായി പുസ്തകം.<br>പുരോഗതി വിലയിരുത്തുന്നു.<br>CPTA യിൽ അവതരണം | ജൂലൈ | | PTA<br>MPTA<br>class teacher |

| Sl.No | വാർഷിക ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികസ്രോതസ്സ് |
|---|---|---|---|---|---|
| 3 | അടിസ്ഥാന ഭാഷാശേഷി വികസനം. | ഭാഷാക്കളി പാട്ടുകളും കഥകളുമായി കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ. | ആഗസ്റ്റ് | ക്ലാസ്ടീച്ചർ SRG SMC | |
| 4. | പൊതുവായി ചൊല്ലിക്കേൾക്കാൻ പാട്ടുകൾ ഈണവും താളവും പാലിച്ചുകൊണ്ട് സ്വയം ചൊല്ലൽ. | | സെപ്റ്റംബർ | MPTA SRG ക്ലാസ്ടീച്ചർ | |
| 5. | വായനോത്സവത്തിൽ പങ്കാളികളാകൽ | വായനോത്സവം കലോത്സവം പ്രദർശനം. | ഒക്ടോബർ നവംബർ | MPTA Class teacher. | |
| 6. | കഥ കവിത രചനകളിൽ കുട്ടികൾ സ്വതന്ത്രമായി ഇടപെടൽ | | ഡിസംബർ | | |

| ക്രമ നം. | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 7 | ഭാഷാപരമായ പിന്നോക്ക അവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ ആവശ്യമായ സാമഗ്രികൾ ഒരുക്കൽ. | ലക്ഷ്യം നേടുന്നതു വരെ | SRG ഇൻസ്ട്രക്ടർ | |
| 8. | എഴുത്ത് പരിപോഷിപ്പിക്കൽ. | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നുമുള്ള ശേഖരിക്കൽ | വർഷം മുഴുവൻ | SRG Class teacher | |

| | | | | |
|---|---|---|---|---|
| ഗണിതം | | | | |
| 5 ഗണിത പാഠം<br>ഗണിത പഠനം ഉല്ലാസപ്രദവും കൗതുകകരവുമാക്കി മുഴുവൻ കുട്ടികൾക്കും ചതുഷ്ക്രിയകൾ ഉറപ്പാക്കുന്നു. | കളിച്ചറിഞ്ഞ് കണക്കറിഞ്ഞ്<br>വിവിധതരം കളികളിലൂടെ പഠനതന്ത്രങ്ങളിലൂടെ ഗണിതപഠനത്തിൽ താത്പര്യം ജനിപ്പിക്കുന്നു. കളി നോട്ടുകൾ അല്ലെങ്കിൽ വിലയെഴുതിയ പേപ്പർ പീസുകൾ ഉപയോഗിച്ച് കുട്ടികൾ സ്വയം പർച്ചേസ് നടത്തി വിലയും ബാക്കിയും കണക്കാക്കുന്നു. | ജൂൺ | കളിനോട്ടുകൾ | PTA<br>BRC |
| | Snake and ladder<br>Aravind Gupta Cards<br>Number chains<br>Number card | ജൂലൈ | | |

| | | | | |
|---|---|---|---|---|
| | ഗണിത മൂല, ഗണിതലാബ് എന്നിവ ഗണിതപഠനത്തിന്റെ ഭാഗമാക്കുന്നു. ഗണിത ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കൽ. ഗണിത ക്ലബ് ശാക്തീകരണം | ആഗസ്റ്റ് | | PTA |
| ഗണിത സാഹിത്യ സൃഷ്ടികൾ പരിചയപ്പെടൽ, സ്വയം രചനകൾ നടത്തൽ | ഗണിത മാഗസിൻ, ചുമർ പത്രികകൾ സ്കൂൾ തലം, ഗണിത ശാസ്ത്ര മേള, ചോദ്യോത്തരപ്പെട്ടി. | സെപ്തംബർ | | Maths SRG CPTA |
| | നാലക്ക സംഖ്യകളുടെ വ്യാഖ്യാനം ഉറപ്പാക്കുന്നു. രക്ഷിതാക്കളെ പങ്കാളികളാക്കൽ. അതിനായി CPTA ജ്യാമിതീയ രൂപങ്ങളിൽ വ്യക്തത ഗണിത ലാബിന്റെ സഹായത്തോടെ രൂപങ്ങൾ തിരിച്ചറിയുന്നു. | ഒക്ടോബർ | | CPTA |

| | | | | |
|---|---|---|---|---|
| | പ്രത്യേകത പറയുന്നു. സ്വയം നിർമ്മിക്കുന്നു. | | | |
| ഗണിതകളി, ചെസ്സ്, പസിൽസ്, സെമിനാർ | ഗണിത ഗെയിം കോർണർ, പസിൽ കോർണർ, നാട്ടറിവ് ശേഖരണം, ചെസ്സ് ക്യാമ്പ് | നവംബർ | വ്യത്യസ്ത ബോർഡുകൾ ചെസ്സ് ബോർഡ് | SRG SSG CPTA |
| | ഹരണം, ഭിന്നസംഖ്യ എന്നിവയിൽ ധാരണ ഉണ്ടാക്കുക | ഡിസംബർ | | |
| | വസ്തുക്കളെ $\frac{1}{2}$, $\frac{1}{4}$, $\frac{2}{4}$ എന്നിങ്ങനെ ഭാഗങ്ങളാക്കാൻ സഹായിക്കുന്നു. | ജനുവരി | | CPTA |
| | ദൂരം, ഭാരം തുടങ്ങിയ അളവുകളിൽ ധാരണ സൃഷ്ടിക്കുന്നു. | ഫെബ്രുവരി | | PTA |
| | മികവ് അവതരണം | മാർച്ച് | | PTA |

General objectives.

-> To improve the ability of the learners to speak, read and write in English.

-> To confirm that the learners aquire the aims of each units.

-> To enrich vocabulary.

-> To make plans for english language acquisition through easy and attractive methods.

-> To enable the learners to enjoy different discourses.

-> To adopt suitable activities for CWSN learners.

-> To speak, Read and write English without any mistakes.

-> To develop listening Skills and reading skills.

Std-I

| Aim | Activities | Support | Month | Finance |
|---|---|---|---|---|
| To develop listening speaking skills. | > Rhymes<br>> Simple stories<br>> Riddles<br>-> simple instructions.<br>> Games. | Teacher | June. | |
| To develop reading skills. | > Rhymes<br>> Simple stories<br>> Descriptions<br>> Growing sentences.<br>> Riddles<br>> Puzzles, Picture Reading cards | Teacher | July | |

| Aim | Activities | Support | month | finance. |
|---|---|---|---|---|
| Writing skills | -> Makes word web<br>> picture description.<br>> Growing sentences.<br>> Word chain. | Teacher | July - march | |
| | > Story telling. | Teacher | october | |
| | > write simple stories, conversation. | | November - march. | |
| | > Makes riddles | | | |
| · To Speak, Read and write English without any mistakes. | pretest | | June, July, August. | |
| · To develop listening & speaking skills | · Games, Action songs, Hello English activities, 2 conversations, skit, stories, use ICT | | | |

# പരിസരപഠനം

| Sl No | ലക്ഷ്യങ്ങൾ | പ്രവർത്തനം - വിശദീകരണം | സമയം | പങ്കാളിത്തം | പിന്തുണ |
|---|---|---|---|---|---|
| 1. | പരിസ്ഥിതി സൗഹൃദമനോ ഭാവം വളർത്തുക | കാന്താരിത്തോട്ടം - ഔഷധത്തോട്ടം വീട്ടിൽ ഒരു പച്ചക്കറിത്തോട്ടം- വളർത്തൽ റീസൈക്ലിംഗ് സന്ദേശ പ്രചാരണം, പരിസരശുചീ കരണം, പ്രകൃതിനടത്തം തുടങ്ങിയ പ്രവർത്തനങ്ങൾ വഴി പരിസ്ഥിതിയിലേക്ക് കൂടുതൽ അടുക്കുന്നു. | ജൂൺ - ജൂലൈ | | PTA<br>CPTA<br>MPTA |
| 2. | ലോകപരിസ്ഥിതിദിനങ്ങളിലൂടെ വ്യക്തിപരിസരം കാര്യ- ങ്ങളെ ബോധവത്കരിച്ച് വളർ ത്തുക. | പരിസ്ഥിതിദിനം, ഓസോൺ ദിനം, പോസ്റ്റർ നിർമ്മാണ ക്ലാസ്, പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങൾ. പരി സ്ഥിതിയുമായി ബന്ധപ്പെട്ട ചിത്രങ്ങൾ ശേഖരണം, പുസ്തകത്തിൽ ഉൾക്കൊള്ളിച്ച | ജൂലൈ | ക്ലാസ്, സ്കൂൾ | |

| | | | | |
|---|---|---|---|---|
| | ലഘുപരീക്ഷണങ്ങൾ. | | | |
| | ചെക്ക്‌ലിസ്റ്റ്, ആരോഗ്യവിദഗ്ധ ന്റെ ക്ലാസ്സ് [illegible] | ആഗസ്റ്റ് സെപ്തംബർ | അധ്യാപകർ SRG SMC | |
| 3. ആഹാരശീലങ്ങളും ഭക്ഷണവസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിയുന്നു. | നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും | | | |
| | ഭക്ഷ്യമേള - പ്രദർശനം. | | | |
| 4. ശാസ്ത്രമൂല | ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | വർഷം മുഴുവൻ | | |
| 5. ശാസ്ത്രയാത്ര | ശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കൽ | ആവശ്യാനുസരണം | | |
| 6. ഭൂപടമൊരുക്കൽ | ഭൂപടവായന, ഭൂപടരചന | വർഷത്തിൽ ഒരിക്കൽ | | |
| 7. കേരളം, ഇന്ത്യ - ഭൂപടവായന | | | | |

| S.No | ലക്ഷ്യങ്ങൾ | പ്രവർത്തനം - വിശദീകരണം | സമയം | പഠനസാമഗ്രി | പിന്തുണ |
| --- | --- | --- | --- | --- | --- |
| 8. | വാനനിരീക്ഷണകേന്ദ്രം സയൻസ് പാർക്ക് ശാസ്ത്രമേഖലകൾ പ്രദർശനങ്ങൾ | | | | SRG PTA |
| 9 | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ. | | | | |
| 10. | ശാസ്ത്രോത്സവം | ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | വർഷത്തിലൊരിക്കൽ. | | ക്ലാസ് ടീച്ചർ CPTA SRG |
| 11. | ശാസ്ത്രമാസിക | അറിവുകളുടെ രചന | വർഷത്തിലൊരിക്കൽ | | ക്ലാസ് ടീച്ചർ SRG |

2025-26 അക്കാദമിക വർഷത്തിൽ സ്കൂൾ സുരക്ഷയുമായി ബന്ധപ്പെട്ട് സ്കൂൾ കെട്ടിടത്തിന്റെ ഫിറ്റ്നസ് ലഭിക്കുകയും. സ്കൂൾ groundൽ അപകടകരമായി നിന്നിരുന്ന മരങ്ങൾ പഞ്ചായത്തിൽ അപേക്ഷ നൽകി മുറിച്ചിടുകയും. സ്കൂൾ ബസ്സിന്റെ സുരക്ഷ ഉറപ്പുവരുത്തി. സ്കൂളിനോട് ചേർന്ന് നിൽക്കുന്ന മതിലുകളിലെ കുഴികളെല്ലാം. പഞ്ചായത്തിൽ അപേക്ഷ നൽകി അടപ്പിച്ചു. സ്കൂൾ കോമ്പൗണ്ടിൽ കിടക്കുന്ന ഉപയോഗശൂന്യമായ വസ്തുക്കൾ എല്ലാം നീക്കം ചെയ്തു. കുട്ടികളുടെ സുരക്ഷ ഉറപ്പാക്കാൻ വേണ്ടുന്ന സഹായ സഹകരണങ്ങൾ P.T.A യുടെ ഭാഗത്ത് കൂടി ഉറപ്പുവരുത്തി.

ഇരിങ്ങാ B.RC യുടെ നേതൃത്വത്തിൽ സ്കൂളുകളിലെ SRG കൺവീനർമാർക്ക് സുരക്ഷയുമായി ബന്ധപ്പെട്ട ക്ലാസ്സ് നൽകുകയും June 30 ന് മുൻപ് സ്കൂളുകളിൽ സുരക്ഷാ കമ്മിറ്റി രൂപീകരിക്കുകയും ചെയ്യാൻ നിർദ്ദേശിച്ചു. തേവലക്കര സ്കൂളിൽ സംഭവിച്ച ദുരന്തത്തെ തുടർന്ന് സ്കൂൾ സുരക്ഷാ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കാൻ തീരുമാനിച്ചു. ഇതുമായി ബന്ധപ്പെട്ട നമ്മുടെ സ്കൂളിൽ കുട്ടികൾക്ക് 3 ദിവസവും ക്ലാസ്സുകൾ നൽകി. ജൂലൈയിൽ mock drill കൾ സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. സുരക്ഷയുമായി ബന്ധപ്പെട്ട് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. ശതാബ്ദി ആഘോഷിച്ച സ്കൂൾ ആയതിനാൽ സ്കൂളിന്റെ സുരക്ഷ ഉറപ്പാക്കുന്നതിലും ഉണ്ടെന്ന് ഉറപ്പിക്കാൻ തീരുമാനിച്ചു.